**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1605** **11-10-2024 - ൽ മറുപടിയ്ക്ക്**

**ജൈവകൃഷി പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്‌തീൻ ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സുരക്ഷിത ഭക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തിലെ കർഷകരിലും പൊതുജനങ്ങ ളിലും ജൈവ കാർഷിക ഉല്പന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം, എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ മാർഗ്ഗത്തിലൂടെ ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനും ജൈവ ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനുള്ള വിപണി ഇടപെടലുകൾ നടത്തുന്നതിലൂടെ കാർഷിക വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനും ജൈവകാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ട്.<br><br>**ജൈവ കാർഷിക മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ**<br><br>പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് കർഷകന് ലാഭകരമായി കൃഷി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സുസ്ഥിര ജൈവ കൃഷി വികസന പദ്ധതി നടപ്പിലാക്കുക.<br><br>കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കൃഷി മുറകൾ നടപ്പിലാക്കുക.<br><br>സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ എന്ന ആശയത്തെ കുറിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.<br><br>"ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം സ്ഥലത്തു കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവ കൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി ചെയ്യുക. |

ജൈവകൃഷിയ്ക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ/ഫാമുകൾ കുറഞ്ഞത് 5വർഷം വരെയെങ്കിലും ജൈവകൃഷി തുടരുമെന്ന് ഉറപ്പാക്കുക.

ജൈവ കൃഷിയ്ക്ക് ആവശ്യമായ ഉല്പാദനോപാധികൾ പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറുകിട സംരംഭങ്ങൾ, കൃഷിക്കൂട്ടം, കാർഷിക കർമ്മസേന, കുടുംബശ്രീ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ ആരംഭിക്കുക.

ജൈവ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള വിപണന സംവിധാനം ഒരുക്കുകയും ജൈവ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള സംവിധാനവും നടപടി ക്രമങ്ങളും വികസിപ്പിക്കുക.

കേരളത്തിന്റെ തനതായ ജൈവ ഉല്പന്നങ്ങൾക്ക് ലോഗോ ഉണ്ടാക്കുകയും പ്രത്യേക ബ്രാൻഡിൽ വിൽപ്പന നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കുകയും ചെയ്യുക.

ജൈവ ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ആവശ്യമായ സംഭരണ സംസ്കരണ മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുക.

കർഷക രജിസ്ട്രേഷൻ, ഉല്പാദന വിവരങ്ങൾ, വിപണനം, ഉറവിടം കണ്ടെത്തൽ, ബ്രാൻഡിംഗ്, ഗുണനിലവാര നിയന്ത്രണം, സർട്ടിഫിക്കേഷൻ തുടങ്ങിയവയിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം കൊണ്ടുവരുന്നതിനും കാര്യക്ഷമമായ വിപണനത്തിനായുള്ള അന്തരീക്ഷം ഉറപ്പാക്കുന്നതിനും കർഷകർക്ക് ന്യായമായ വില തൽസമയം ലഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സജ്ജമാക്കുക.

ജൈവകൃഷിയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള വിത്തുൾപ്പെടെയുള്ള ഉല്പാദനോ പാധികളുടെ ഗുണ നിലവാരം ഉറപ്പാക്കി കർഷകരിലെത്തിക്കുന്നതിനും ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം കൊണ്ടുവരുക.

എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും ജൈവകൃഷി മിഷന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ കൃഷിക്കൂട്ടങ്ങളേയും FPO കളേയും യോജിപ്പിച്ചുകൊണ്ട്

| | | | |
|---|---|---|---|
| | | | തയ്യാറാക്കുക. മാതൃകയായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രത്യേകം അവാർഡുകൾ നൽകുക.<br><br>ഫാം പ്ലാൻ മാതൃകയിൽ IFS പ്ലോട്ടുകളുടെ വികസനത്തിലൂടെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക.<br><br>കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ 10%-ൽ കുറയാത്ത സ്ഥലത്ത് ജൈവ കൃഷി ആരംഭിക്കുക. |
| (ബി) | ജൈവകൃഷി പ്രോത്സാഹനത്തിനായി പ്രത്യേക മിഷന് രൂപം നൽകിയിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകുമോ; | (ബി) | കേരളത്തിലെ കർഷകരിലും പൊതുജനങ്ങ ളിലും ജൈവ കാർഷിക ഉല്പന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം, എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ മാർഗ്ഗത്തിലൂടെ ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനും ജൈവ ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനുള്ള വിപണി ഇടപെടലുകൾ നടത്തുന്നതിലൂടെ കാർഷിക വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനും ജൈവകാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ട്.<br><br>**<u>ജൈവ കാർഷിക മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ</u>**<br><br>പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് കർഷകന് ലാഭകരമായി കൃഷി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സുസ്ഥിര ജൈവ കൃഷി വികസന പദ്ധതി നടപ്പിലാക്കുക.<br><br>കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കൃഷി മുറകൾ നടപ്പിലാക്കുക.<br><br>സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ എന്ന ആശയത്തെ കുറിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.<br><br>"ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം സ്ഥലത്തു കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവ കൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി ചെയ്യുക.<br><br>ജൈവകൃഷിയ്ക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ/ഫാമുകൾ കുറഞ്ഞത് 5വർഷം വരെയെങ്കിലും ജൈവകൃഷി തുടരുമെന്ന് ഉറപ്പാക്കുക.<br><br>ജൈവ കൃഷിയ്ക്ക് ആവശ്യമായ ഉല്പാദനോപാധികൾ പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറുകിട |

സംരംഭങ്ങൾ, കൃഷിക്കൂട്ടം, കാർഷിക കർമ്മസേന, കുടുംബശ്രീ, കൃഷിശ്രീ സെൻ്ററുകൾ, അഗ്രോ സർവീസ് സെൻ്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ ആരംഭിക്കുക.

ജൈവ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള വിപണന സംവിധാനം ഒരുക്കുകയും ജൈവ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള സംവിധാനവും നടപടി ക്രമങ്ങളും വികസിപ്പിക്കുക.

കേരളത്തിന്റെ തനതായ ജൈവ ഉല്പന്നങ്ങൾക്ക് ലോഗോ ഉണ്ടാക്കുകയും പ്രത്യേക ബ്രാൻഡിൽ വിൽപ്പന നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കുകയും ചെയ്യുക.

ജൈവ ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ആവശ്യമായ സംഭരണ സംസ്കരണ മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുക.

കർഷക രജിസ്ട്രേഷൻ, ഉല്പാദന വിവരങ്ങൾ, വിപണനം, ഉറവിടം കണ്ടെത്തൽ, ബ്രാൻഡിംഗ്, ഗുണനിലവാര നിയന്ത്രണം, സർട്ടിഫിക്കേഷൻ തുടങ്ങിയവയിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം കൊണ്ടുവരുന്നതിനും കാര്യക്ഷമമായ വിപണനത്തിനായുള്ള അന്തരീക്ഷം ഉറപ്പാക്കുന്നതിനും കർഷകർക്ക് ന്യായമായ വില തൽസമയം ലഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സജ്ജമാക്കുക.

ജൈവകൃഷിയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള വിത്തുൾപ്പെടെയുള്ള ഉല്പാദനോ പാധികളുടെ ഗുണ നിലവാരം ഉറപ്പാക്കി കർഷകരിലെത്തിക്കുന്നതിനും ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം കൊണ്ടുവരുക.

എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും ജൈവകൃഷി മിഷന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ കൃഷിക്കൂട്ടങ്ങളേയും FPO കളേയും യോജിപ്പിച്ചുകൊണ്ട് തയ്യാറാക്കുക. മാതൃകയായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രത്യേകം അവാർഡുകൾ നൽകുക.

ഫാം പ്ലാൻ മാതൃകയിൽ IFS പ്ലോട്ടുകളുടെ വികസനത്തിലൂടെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക.

| | | | |
|---|---|---|---|
| | | | കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ 10%-ൽ കുറയാത്ത സ്ഥലത്ത് ജൈവ കൃഷി ആരംഭിക്കുക. |
| (സി) | കാർഷിക വിളകളുടെ മൂല്യവർദ്ധനവ്, ഓർഗാനിക് ബ്രാൻഡിംഗ് എന്നിവ വിപുലപ്പെടുത്തുന്നതിനായി സ്വീകരിച്ചു വരുന്ന നടപടി വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ കർഷകരുടെ ജൈവ ഉൽപ്പന്നങ്ങൾക്ക് വേണ്ടത്ര വില ലഭിക്കാത്ത സാഹചര്യം കണക്കിലെടുത്ത് കേരളത്തിലെ ജൈവ കർഷകരുടെ ഉൽപ്പന്നങ്ങൾക്കും മൂല്യവർധിത ഉൽപ്പന്നങ്ങൾക്കും സർട്ടിഫിക്കേഷനും ബ്രാൻഡിങ്ങും തിരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ മുഖാന്തിരം, ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളും പദ്ധതി, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി എന്നിങ്ങനെ രണ്ടു പദ്ധതികൾ പ്രകാരം നടപ്പിലാക്കി വരുന്നു. അതിലൂടെ കയറ്റുമതി സാധ്യതകൾ എന്ന പുത്തൻ വാതിൽ കർഷകർക്ക് മുൻപിൽ തുറക്കപ്പെടുകയും ചെയ്യുന്നു.<br><br>കേരളത്തിലെ ജൈവ ഉൽപ്പന്നങ്ങൾ സർട്ടിഫിക്കേഷന് ശേഷം കേരളഗ്രോ-ഗ്രീൻ, കേരളഗ്രോ-ഓർഗാനിക് എന്നീ ബ്രാൻഡുകളിൽ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളിലൂടെ വിപണനം ആരംഭിച്ചിട്ടുണ്ട്. ഇത്തരം 26 ജൈവ മൂല്യ വർധിത ഉൽപ്പന്നങ്ങൾ വിപണിയിൽ ലഭ്യമാണ്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി സ്ഥാപിക്കപ്പെട്ട കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളിലൂടെ ഓർഗാനിക് ആയതും, ഉത്തമ കാർഷികമുറകൾ പാലിച്ച് കൃഷിചെയ്യുതുമായ ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ ലഭ്യമാണ്. കേരളത്തിൽ ഇത്തരത്തിൽ ആകെ 15ഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് .<br><br>കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനായി സൂപ്പർ മാർക്കറ്റുകൾ, റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ എന്നിവ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിലൂടെ വിപണനം കൂടുതൽ സുഗമമാക്കാൻ സാധിക്കും . |
| (ഡി) | വ്യാജ ജൈവവളങ്ങളും ജൈവ കാർഷികോല്പന്നങ്ങളും കണ്ടെത്തുന്നതിനായി ഫലപ്രദമായ സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാന കൃഷി വകുപ്പിന് കീഴിൽ ജൈവ ജീവണു വള പരിശോധനക്കായി നിലവിൽ രണ്ട് ലാബുകൾ സജ്ജമാണ്.<br><br>പട്ടാമ്പി BOQCL(Biofertilizer and organic manure quality control laboratory) യും കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ സോയിൽ സയൻസ് ഡിപ്പാർട്ട്മെൻറിൻറെ കീഴിൽ ആരംഭിച്ചിരിക്കുന്ന റഫറൽ ലാബും. ഈ ലാബുകൾ ജൈവവളങ്ങളുടെ ഗുണനിലവാര പാരാമീറ്ററുകളുടെ കൃത്യവും വേഗത്തിലുള്ളതുമായ വിശകലനത്തിന് ആവശ്യമായ |

| | | | |
|---|---|---|---|
| | | | അത്യാധുനിക ഹൈ-എൻഡ് അനലിറ്റിക്കൽ അത്യാധുനിക ഉപകരണങ്ങൾ കൊണ്ട് സജ്ജീകരിക്കപ്പെട്ടവയാണ്. |

സെക്ഷൻ ഓഫീസർ